PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959

(Second Meeting)

Friday, the 29th May 1959.

LIBRARY ARCHIVES Kerala Legislative Assembly

Vol. VII] OFFICIAL REPORT [No. 62

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 29th May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

അയിത്തോച്ചാടന പ്രചരണം.

* 1632. [1] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്തോച്ചാടന പ്രചരണത്തിനുവേണ്ടി 1958-59-ൽ എത്ര ഉറുപ്പിക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം സ്വകാര്യസംഘടനകൾക്കാണ് ഇതിലേക്ക് സഹായധനം നൽകിയിട്ടുണ്ട്;

(സി) എത്ര ഉറുപ്പിക സഹായധനം നൽകിയിട്ടുണ്ട്;

(ഡി) സ്വകാര്യസംഘടനകളുടെ പ്രവർത്തനറിപ്പോർട്ട് വരുത്തി പരിശോധിക്കാറുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) 83,007 രൂ. 99 നയാപൈസ.

(ബി, സി) 1958-59-ൽ സംഘടനകൾക്കൊന്നും സഹായധനം നൽകിയിട്ടില്ല. എന്നാൽ കോഴിക്കോട്ട് നായനാർ ബാലികാസദനത്തിന് മൂവായിരം രൂപയും, കൊല്ലത്തു് ബാപ്പുജി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിന് അയ്യായിരം രൂപയും ഇയ്യിനത്തിൽ കൊടുത്തിട്ടുണ്ട്.

(ഡി) മിക്ക സഹകാര്യസംഘ്വടനകളുടെയും ശരിയായ പ്രവത്തനത്തെ സംബന്ധിച്ച കണക്കുകളും റിപ്പോർട്ടുകളും കിട്ടിയിട്ടില്ല.

ശ്രീ. കെ. ഹസ്സൻ ഗനി: ഏതെങ്കിലും സഹകാര്യസംഘ്വടനകൾ അവക്ക് കൊടുത്തിട്ടുള്ള ലുകകൾ വേണ്ടവിധം ചെലവഴിച്ചിട്ടില്ലെന്ന പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: ഇതു് അയിത്തോച്ചാടനത്തിനു് ഗ്രാൻറു കൊടുക്കുന്നതിനെതിരായുള്ളതല്ല. നായനാർ ബാലികാസദനം ഹരിജൻ അനാഥകുട്ടികളെ വളർത്തുന്ന ഒരു സ്ഥാപനമാണു്. ഒന്നുകിൽ ആ സ്ഥാപനം ഗവണ്മെൻറു് ഏറ്റെടുക്കണമെന്നും, അല്ലാത്തപക്ഷം അതിൻെറ നടത്തിപ്പിനു് എന്തെങ്കിലും സഹായധനം നൽകണമെന്നും ആവശ്യപ്പെട്ടതനുസരിച്ചു് കൊടുത്തിട്ടുള്ളതാണു്. അതുപോലെ കൊല്ലത്തെ ഒരു ടെയിലറിംഗു് ഇൻസ്റ്റിറ്റ്യൂട്ടിനു കെട്ടിടം നിർമ്മിക്കാൻ സഹായധനം നൽകിയതാണു്. അതൊരു ഹരിജൻ സ്ഥാപനമാണു്.

സോവിയറു പ്രതിനിധിസംഘ്വത്തിൻെറ കേരള പര്യടനം.

* 1633. [2] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മാർച്ചുമാസത്തിൽ കേരളം സന്ദർശിച്ച സോവിയറു പ്രതിനിധിസംഘ്വം കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പര്യടനം നടത്തി;

(ബി) ഈ പര്യടനം ആരാണു് ഏർപ്പാടു ചെയ്തതു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. അബ്ദുൽ മജീദു്): (എ) പെരിയാർ തടാകം, കോട്ടയം, ആലുവാ, കൊച്ചി, എറണാകുളം എന്നീ സ്ഥലങ്ങളും സന്ദർശിച്ചു.

(ബി) കേന്ദ്രഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം കേരളഗവണ്മെൻറാണു് ഏർപ്പാടു ചെയ്തതു്.

ശ്രീ. എൻ. ശിവൻപിള്ള: കേരളത്തിലെ മറു പ്രധാനപ്പെട്ട പട്ടണങ്ങളും സന്ദർശിക്കാതിരുന്നതു് എന്താണു്?

ശ്രീ. അബ്ദുൽമജീദു്: ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശത്തിനു് ഈ ഗവണ്മെൻറു് മാറുതലൊന്നും വരുത്തിയില്ല.

ശ്രീ. എൻ. ശിവൻപിള്ള: പ്രതിനിധി സംഘ്വത്തിൽ എത്ര അംഗങ്ങളുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: അഞ്ചു മെമ്പറന്മാരും പിന്നെ സ്റ്റാഫംഗങ്ങളും.

ശ്രീ. എൻ. ശിവൻപിള്ള: പ്രതിനിധി സംഘ്വത്തിൽ, സോവിയറു യൂണിയനിലെ ഔദ്യോഗികസ്ഥാനത്തുള്ളവർ എത്രപേരുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: വൈസു്പ്രസിഡണ്ടായിരുന്ന ലീഡർ. പിന്നെ മറു മിനിസ്റ്റേഴ്സും, ഇൻഡസ്ട്രിസിലും മറുമായി വർക്ക ചെയ്യുന്നവരുമുണ്ടായിരുന്നു.

ശ്രീ. എൻ. ശിവൻപിള്ള: ഈ സംഘ്വടനയിൽപ്പെട്ട ആരെങ്കിലും, കേരളത്തിലെ പ്രകൃതിസമ്പത്തുകൾ ഉപയോഗിച്ചു് എന്തെങ്കിലും വ്യവസായം നടത്തുന്നതിനു് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു്: അതായിരുന്നില്ല അവരുടെ സന്ദർശനോദ്ദേശം; ഒരു സ്റ്റഡീവിൽ മാത്രമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly